# യേശുവിന്റെ പിൻഗാമി

ഇ.സി. സൈമൺ മാസ്റ്റർ

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

# പ്രസാധകക്കുറിപ്പ്

“എനിക്ക് ഇനിയും പല കാര്യങ്ങൾ നിങ്ങളോട് പറയാനുണ്ട്. എന്നാൽ, ഇപ്പോൾ അതു താങ്ങാൻ നിങ്ങൾക്കു കഴിവില്ല. ദൈവത്തെപ്പറ്റിയുള്ള സത്യം വെളിപ്പെടുത്തുന്ന സത്യത്തിന്റെ ആത്മാവ് വരുമ്പോൾ എല്ലാ കാര്യങ്ങളും പഠിപ്പിക്കും” (യോഹാ 16:12-13).

വരാനുള്ള ഒരു പ്രവാചകന്റെ ആഗമനത്തെപ്പറ്റി ദൈവത്തിൽനിന്നു ലഭിച്ച സന്ദേശം ഒരു പ്രവാചകൻ എന്ന നിലയിൽ പ്രഖ്യാപിക്കുകയായിരുന്നു യേശു. ആ ആശ്വാസദായകൻ ആരാണ്? അദ്ദേഹം വന്നോ? യേശു പറഞ്ഞ പ്രവാചകൻ താൻതന്നെയെന്ന് ഏതെങ്കിലും പ്രവാചകൻ അവകാശപ്പെട്ടിട്ടുണ്ടോ? യേശു പറഞ്ഞ ലക്ഷണങ്ങൾ അദ്ദേഹത്തിൽ നിറവേറിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തിന് അദ്ദേഹത്തെ അംഗീകരിക്കാതിരിക്കണം? യേശുവിനെ തിരസ്കരിച്ച ഇസ്രായേൽക്കാർ ചെയ്ത തെറ്റ് നാമും ചെയ്യണമോ?

ബൈബിളിന്റെയും ഖുർആനിന്റെയും ചരിത്രവസ്തുതകളുടെ വെളിച്ചത്തിൽ യേശു പ്രവചിച്ച സത്യാത്മാവ് ആരെന്ന് സത്യസന്ധമായി കാണിച്ചുതരുന്നു ഈ ലഘുകൃതി.

## ഇ. സി. സൈമൺ മാസ്റ്റർ

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിനടുത്ത കാര സ്വദേശിയാണ് ഇ. സി. സൈമൺ മാസ്റ്റർ. ഇംഗ്ലണ്ടിലെ പ്രസിദ്ധമായ അമ്പാസിഡർ കോളേജിലെ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ഉയർന്ന മാർക്കോടെ പൂർത്തിയാക്കി.

എടവിലങ്ങ് ഗവ. ഹൈസ്കൂളിൽ അധ്യാപകനായിരുന്നു. പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായി. റിട്ടയർ ചെയ്തശേഷം കാര യിലെ ഇലഞ്ഞിക്കൽ വീട്ടിൽ വിശ്രമജീവിതം നയിക്കുന്നു. ഭാര്യയും നാലു മക്കളുമുണ്ട്.

വിലാസം: ഇ.സി. സൈമൺ മാസ്റ്റർ
ഇലഞ്ഞിക്കൽ ഹൗസ്
പി.ഒ. കാര, എടവിലങ്ങ്
തൃശൂർ ജില്ല - 680 671

# യേശുവിന്റെ പിൻഗാമി

**ഇ**സ്രായേൽക്കാരുടെ മതഗ്രന്ഥങ്ങളിൽ നേരത്തെ പ്രവചിക്കപ്പെട്ടിരുന്ന പ്രവാചകൻ എന്ന നിലയിലായിരുന്നു യേശുവിന്റെ ജനനമെങ്കിലും ഇസ്രാ യേൽ ജനത അദ്ദേഹത്തെ അംഗീകരിക്കാതെ പിശാചുബാധിതനെന്നും സുബോധമില്ലാത്തവനെന്നും മുദ്രകുത്തി ആക്ഷേപിക്കുകയും രംഗത്തു നിന്ന് നിഷ്കാസനം ചെയ്യുന്നതിന് കെണിയൊരുക്കുകയുമാണ് ചെയ്തത്.

ആശ്വാസദായകനായ മറ്റൊരു സത്യാത്മാവ് യേശുവിനുശേഷം അവ തരിക്കുമെന്നും സ്വന്തമായി യാതൊന്നും സംസാരിക്കാതെ ദൈവം തന്നോടു നിർദേശിക്കുന്നതുമാത്രം അറിയിക്കുമെന്നും പാപത്തെയും നീതി യെയും ദൈവത്തിന്റെ ന്യായവിധിയെയും പറ്റി ലോകത്തെ പഠിപ്പിക്കു മെന്നും യേശു പ്രസ്താവിച്ചതായി യോഹന്നാന്റെ സുവിശേഷത്തിൽ രേഖ പ്പെടുത്തിയിരിക്കുന്നു (യോഹ: 16:7-15). ഭൂമിയിൽ തന്റെ ദൗത്യം അവസാ നിക്കാറായെന്ന് മനസ്സിലാക്കിയ യേശു, ഇഹലോക ജീവിതത്തിന്റെ അന്തി മഘട്ടത്തിൽ ശിഷ്യരുമൊന്നിച്ച് അവസാനമായി അത്താഴം കഴിച്ചുകൊ ണ്ടിരിക്കെ വിടവാങ്ങൽ സന്ദേശം എന്ന നിലയിൽ അതിപ്രധാനമായൊരു സദ്വാർത്ത അവരെ അറിയിക്കുകയുണ്ടായി. അന്നു വരെയുള്ള തന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടും അത് അപൂർണമാണെന്ന് സമ്മ തിച്ചുകൊണ്ടും അദ്ദേഹം പറഞ്ഞു: "എനിക്ക് ഇനിയും പല കാര്യങ്ങൾ നിങ്ങളോട് പറയാനുണ്ട്. എന്നാൽ, ഇപ്പോൾ അത് താങ്ങാൻ നിങ്ങൾക്ക് കഴിവില്ല. ദൈവത്തെപ്പറ്റിയുള്ള സത്യം വെളിപ്പെടുത്തുന്ന സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ കാര്യങ്ങളും പഠിപ്പിക്കും' (യോഹ: 16:12-13).

ജനങ്ങളെ പഠിപ്പിക്കേണ്ട മുഴുവൻ കാര്യങ്ങളും പഠിപ്പിക്കാൻ തനിക്ക് കഴിഞ്ഞിട്ടില്ലെന്നും അപൂർണമായ തന്റെ ദൗത്യം പൂർത്തീകരിക്കുന്നത് വരാനുള്ള ആ പ്രവാചകനായിരിക്കുമെന്നും അതുകൊണ്ടുതന്നെ അദ്ദേഹം തന്റെ സ്വാഭാവിക പിൻഗാമി ആയിരിക്കുമെന്നുമായിരുന്നു യേശു നൽകിയ സൂചന.

ഭാവിയിൽ വരാനുള്ള ഒരു പ്രവാചകന്റെ നിയോഗത്തെപ്പറ്റി ദൈവത്തിൽ നിന്നു കിട്ടിയ സന്ദേശം ഒരു പ്രവാചകൻ എന്ന നിലയിൽ യേശു പ്രഖ്യാപിക്കുകയായിരുന്നു അന്നവിടെ. വരുമെന്നു പറഞ്ഞ ആ ആശ്വാസദായകൻ ആരാണ്? അദ്ദേഹം വന്നോ? വന്നെങ്കിൽ അദ്ദേഹത്തെ സ്വീകരിച്ചുവോ? യേശു പറഞ്ഞ പ്രവാചകൻ താൻ തന്നെയെന്ന് ഏതെങ്കിലും പ്രവാചകൻ അവകാശപ്പെട്ടിട്ടുണ്ടോ? യേശു പറഞ്ഞ ലക്ഷണങ്ങൾ അദ്ദേഹത്തിൽ നിറവേറിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട് അദ്ദേഹത്തെ അംഗീകരിച്ചില്ല? യേശുവിനെ തിരസ്കരിച്ച ഇസ്രായേൽക്കാർ ചെയ്ത തെറ്റ് ക്രൈസ്തവരും ആവർത്തിക്കുകയാണോ?

## ആശ്വാസദായകന്റെ ലക്ഷണങ്ങൾ

വരുമെന്നു പറഞ്ഞ ആശ്വാസദായകനെ തിരിച്ചറിയാൻ യേശു വിവരിച്ച ലക്ഷണങ്ങൾ എന്തെല്ലാമെന്ന് നോക്കാം.

1. അദ്ദേഹം സ്വന്തം അധികാരത്തിലായിരിക്കുകയില്ല സംസാരിക്കുക. പ്രത്യുത, ദൈവം തന്നോട് നിർദേശിക്കുന്നത് മാത്രമായിരിക്കും.
2. ദൈവനാമത്തിൽ ആയിരിക്കും അവൻ സംസാരിക്കുക.
3. ദൈവത്തെപ്പറ്റിയുള്ള സത്യം വെളിപ്പെടുത്തുകയും സത്യത്തിലേക്ക് നിങ്ങളെ നയിക്കുകയും ചെയ്യും.
4. ദൈവം അയക്കുന്ന ആ സത്യാത്മാവ് പാപത്തേയും നീതിയേയും ദൈവത്തിന്റെ ന്യായവിധിയേയും പറ്റി ലോകത്തെ പഠിപ്പിക്കും.
5. ലോകത്തെ മുഴുവൻ മനുഷ്യർക്കും വേണ്ടിയായിരിക്കും ആ ദൈവദൂതൻ അവതരിക്കുക.
6. വരാനുള്ള കാര്യങ്ങൾ ആ സത്യാത്മാവ് വെളിപ്പെടുത്തും.
7. നിങ്ങളെ എല്ലാ കാര്യങ്ങളും പഠിപ്പിക്കുന്ന ആ ആശ്വാസദായകൻ ഞാൻ പറഞ്ഞ കാര്യങ്ങൾ ഓർമിപ്പിക്കുകയും എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും (യോഹ: 14:26, 15:26, 16:7-15).

യേശു സൂചിപ്പിച്ച ആ പ്രവാചകനാണ് മുഹമ്മദ്നബിയെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു.

ഇന്ന് നിലവിലുള്ള ക്രൈസ്തവ സുവിശേഷങ്ങളിൽ യോഹന്നാൻ എഴുതിയതു മാത്രമാണ് വരാനുള്ള പ്രവാചകനെ പേരുപറയാതെ ലക്ഷണങ്ങൾ വിശദീകരിച്ച് പ്രാധാന്യത്തോടെ ഉയർത്തിക്കാണിക്കുന്നത്.

എന്നാൽ ക്രൈസ്തവ സഭകളുടെ അംഗീകാരമില്ലാത്തതെങ്കിലും ക്രിസ്തുമതത്തിന്റെ ആരംഭകാലം മുതലേ പ്രചാരത്തിലിരുന്നതും ഇന്നും നിലനിൽക്കുന്നതുമായ ചില സുവിശേഷങ്ങളിലുള്ള യേശുവിന്റെ പ്രവചനത്തിൽ ആ പ്രവാചകന്റെ പേരുതന്നെ വെളിപ്പെടുത്തുന്നുണ്ട്. അത്തരത്തിലുള്ള ഒന്നാണ് ബാർണബാസിന്റെ സുവിശേഷം. യേശുവിന്റെ ശിഷ്യന്മാരോടൊപ്പം പ്രവർത്തിച്ചിരുന്ന ബാർണബാസ് എന്ന പ്രമുഖൻ ഗ്രീക്ക് ഭാഷയിലെഴുതിയ 'ബാർണബാസിന്റെ സുവിശേഷം' എന്ന ഗ്രന്ഥത്തിൽ ആ പ്രവാചകന്റെ പേര് സൂചിപ്പിച്ചുകൊണ്ടെഴുതിയ Periklytos എന്ന ഗ്രീക്ക് പദത്തിന് അറബി ഭാഷയിൽ 'അഹ്മദ്' അഥവാ 'മുഹമ്മദ്' എന്നാണ് അർഥം. ഇന്ന് നിലവിലുള്ള യോഹന്നാന്റെ സുവിശേഷത്തിന്റെ ഗ്രീക്ക് ഭാഷയിലുള്ള മൂലകൃതിയിൽ Parakletos (ഇംഗ്ലീഷിൽ Paraclete) എന്നാണ് ഉപയോഗിച്ചിട്ടുള്ളത്. സത്യാത്മാവ്, ആശ്വാസദായകൻ, സഹായകൻ എന്നെല്ലാം ആ പദത്തിന് അർഥം പറയാം. ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രയോഗങ്ങളാണവ. എന്നാൽ യോഹന്നാന്റെ പേരിൽ ഇപ്പോൾ നിലവിലുള്ള സുവിശേഷത്തേക്കാൾ പഴക്കമുള്ളതും ഇന്ന് നിലവിലില്ലാത്തതുമായ ആദ്യത്തെ മൂലകൃതിയിൽ ഉപയോഗിച്ചിരുന്ന ഗ്രീക്ക് പദം ഏതോ വിധത്തിൽ മാറ്റംവന്ന് ഇന്നത്തെ രീതിയിലായിത്തീർന്നതാണെന്ന് അഭിപ്രായമുണ്ട്.

സംഗതിയുടെ സത്യാവസ്ഥ എന്തുതന്നെയായാലും ബാർണബാസിന്റെ സുവിശേഷത്തിലെ പദപ്രയോഗവുമായി യോജിക്കുന്നതാണ് വിശുദ്ധ ഖുർആനിലെ പ്രസ്താവന. അതിങ്ങനെ: "മർയമിന്റെ മകൻ ഈസാ പറഞ്ഞു: ഇസ്രായേൽ സന്താനങ്ങളേ, നിങ്ങളിലേക്ക് നിയുക്തനായ ദൈവദൂതനാണ് ഞാൻ. എനിക്കു മുമ്പ് അവതരിച്ച തൗറാത്തിനെ ഞാൻ ശരിവെക്കുകയും അഹ്മദ് എന്ന പേരിൽ എനിക്കുശേഷം വരുന്ന ഒരു പ്രവാചകനെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. എന്നിട്ട് അവൻ വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി അവരുടെ അടുക്കൽ എത്തിയപ്പോൾ ഇത് തനി ജാലവിദ്യയാണെന്നാണ് അവർ പറഞ്ഞത്" (61:6).

## സുവിശേഷങ്ങൾക്ക് യേശുവിന്റെ അംഗീകാരമില്ല

ക്രൈസ്തവസഭകളുടെ അംഗീകാരമില്ലാത്ത ബാർണബാസിന്റെ സുവിശേഷത്തിലെ പ്രസ്താവന സ്വീകാര്യമല്ലെന്ന ക്രൈസ്തവ നിലപാടിനോട് ന്യായമായും ഒരു മറുവാദം പറയാം. സഭകളുടെ അംഗീകാരമുള്ള ഇന്നത്തെ സുവിശേഷങ്ങൾ ഒന്നുപോലും യേശു അംഗീകരിച്ചിട്ടു

ള്ളതോ ശരിവെച്ചിട്ടുള്ളതോ അല്ല. അദ്ദേഹം കണ്ടിട്ടുള്ളതോ വായിച്ചു കേട്ടിട്ടുള്ളതോ പറഞ്ഞ് എഴുതിച്ചതോ അല്ല അവ ഒന്നുംതന്നെ. അദ്ദേഹത്തിന് പരിചിതമല്ലാതിരുന്ന ഗ്രീക്ക് ഭാഷയിൽ എഴുതപ്പെട്ടവയാണ് അവ സർവവും. സകല സുവിശേഷങ്ങളിലും യേശുവിന്റെ മരണത്തെപ്പറ്റി പ്രതിപാദിക്കുന്നതിനാൽ അദ്ദേഹത്തിന്റെ കാലശേഷം എഴുതപ്പെട്ടവയാണ് അവയെന്നുള്ളതിന് പ്രത്യേകം തെളിവുകളൊന്നും അന്വേഷിക്കേണ്ടതില്ല.

യേശുവിന്റെ കാലശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായിവരുന്ന പ്രവാചകനെപ്പറ്റി ഇസ്രായേൽക്കാരോടും ക്രൈസ്തവരോടും വിശുദ്ധ ഖുർആനിൽക്കൂടി ദൈവം ഇങ്ങനെ പറയുന്നു: "വേദക്കാരേ, പ്രവാചകൻമാരുടെ ആഗമനം നിലച്ചുപോയ ഒരു ഇടവേളക്കു ശേഷം നിങ്ങൾക്ക് കാര്യങ്ങൾ വിവരിച്ചുതന്നുകൊണ്ട് നമ്മുടെ ദൂതൻ ഇതാ നിങ്ങളിലെത്തിയിരിക്കുന്നു. ഞങ്ങളുടെ അടുക്കൽ ഒരു സുവിശേഷകനോ താക്കീതുകാരനോ വന്നില്ലായെന്ന് നിങ്ങൾ പറയാതിരിക്കണമല്ലോ. അതിനാൽ നിങ്ങൾക്ക് സുവിശേഷകനും താക്കീതുകാരനും വന്നുകഴിഞ്ഞിരിക്കുന്നു. അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാകുന്നു" (5:19).

## സൂചനകൾ യോജിക്കുന്നു

വരാനുള്ള ദൈവദൂതന്റെ കാര്യത്തിൽ യേശു നൽകിയ സൂചനകൾ മുഹമ്മദ്നബിയെ സംബന്ധിച്ച് എങ്ങനെ യോജിക്കുന്നുവെന്ന് പരിശോധിക്കാം.

1. "ആ പ്രവാചകൻ സ്വന്തം അധികാരത്തിൽ സംസാരിക്കാതെ ദൈവം അദ്ദേഹത്തോട് നിർദേശിക്കുന്നത് മാത്രമായിരിക്കും സംസാരിക്കുക."

പരിശുദ്ധ ഖുർആൻ ഇങ്ങനെ പറയുന്നു: "താഴെ വീഴുന്ന നക്ഷത്രം സാക്ഷി! നിങ്ങളുടെ സ്നേഹിതൻ വഴിതെറ്റിയിട്ടില്ല. പിഴച്ചുപോയിട്ടുമില്ല. തന്നിഷ്ടപ്രകാരമല്ല അവൻ സംസാരിക്കുന്നത്. ഇത് അവനു നൽകുന്ന വെളിപാടു മാത്രമാണ്. പരമശക്തനും മഹാബുദ്ധിശാലിയുമായ ഒരുവനാണ് അവനെ ഇതു പഠിപ്പിച്ചത്. അവൻ (മാലാഖ) ഉയർന്ന ചക്രവാളത്തിൽ പ്രത്യക്ഷനായി. പിന്നീട് അവൻ അടുത്തു. കൂടുതൽ അടുത്തു. വില്ലിന്റെ രണ്ട് അറ്റങ്ങളുടെ അത്രയും അടുത്തു. എന്നിട്ട് അല്ലാഹു തന്റെ ദാസന് വേണ്ട വെളിപാട് നൽകി." (53:1 10)

2. "ദൈവനാമത്തിലായിരിക്കും അവൻ സംസാരിക്കുക."

പരമദയാനിധിയും കരുണാവാരിധിയും ആയ ദൈവത്തിന്റെ നാമത്തി

ലാണ് പരിശുദ്ധ ഖുർആനിൽ ആകെയുള്ള 114-ൽ ഒന്നൊഴിച്ച് എല്ലാ അധ്യായങ്ങളുടെയും ആരംഭം. സകലലോക രക്ഷിതാവായ അല്ലാഹു വിൽനിന്നുള്ള സത്യമാണ് ഈ ഗ്രന്ഥമെന്ന് ഖുർആൻ പല ഭാഗങ്ങളിലും ആവർത്തിക്കുന്നതു കാണാം.

3. "ദൈവത്തെപ്പറ്റിയുള്ള സത്യം വെളിപ്പെടുത്തുകയും സത്യത്തിലേക്ക് നിങ്ങളെ നയിക്കുകയും ചെയ്യും."

പരിശുദ്ധ ഖുർആൻ ദൈവത്തെ ഇങ്ങനെ വിശദീകരിക്കുന്നു:

"അല്ലാഹു! അവനല്ലാതെ ദൈവമില്ല. എന്നെന്നും നിലനിൽക്കുന്ന വൻ. പരാശ്രയം വേണ്ടാത്തവൻ. സകലർക്കും താങ്ങായവൻ. മയക്കമോ ഉറക്കമോ ഏശാത്തവൻ. ഭൂമിയിലും ആകാശങ്ങളിലുമുള്ള സകലതിന്റെയും ഉടമ. അനുമതി കിട്ടാതെ അവന്റെ സമക്ഷത്തിൽ ശിപാർശ സമർപ്പിക്കാൻ കഴിയുന്നവനാര്? ഭൂതവും ഭാവിയും അറിയുന്നവൻ. അവന്റെ ഹിതത്തോ ടെയല്ലാതെ ആർക്കും അവന്റെ ജ്ഞാനത്തിൽനിന്ന് ഒന്നുംതന്നെ ഗ്രഹി ക്കാനാവില്ല. അറിയിക്കണമെന്ന് ഉദ്ദേശിക്കുന്നതേ ആർക്കും അറിയാനാകൂ. ഭൂമിയും ആകാശലോകവും അവന്റെ ആധിപത്യത്തിലാണ്. അവയുടെ പരിപാലനം അവനെ ക്ഷീണിപ്പിക്കുന്നേയില്ല. ഏറ്റവും ഉന്നതനും ഏറ്റവും മഹാനുമത്രേ അവൻ" (2:255).

ദൈവത്തെപ്പറ്റി ഖുർആൻ വീണ്ടും പറയുന്നു: "ഈ ഖുർആൻ ഒരു പർവതത്തിന്റെ മുകളിലാണ് നാം അവതരിപ്പിച്ചിരുന്നതെങ്കിൽ ദൈവഭയ ത്താൽ അതു പൊട്ടിത്തകരുന്നത് നിനക്ക് കാണാമായിരുന്നു. ചിന്തിക്കാൻ വേണ്ടിയാണ് മനുഷ്യർക്ക് ഇത്തരം ഉദാഹരണങ്ങൾ നാം വിവരിച്ചുകൊ ടുക്കുന്നത്.

"അവൻ അല്ലാഹു ആകുന്നു. അവനല്ലാതെ ദൈവമില്ല. കാണുന്ന സത്യവും കാണാത്ത സത്യവും അറിയുന്നവൻ. പരമദയാനിധിയും കരു ണാവാരിധിയും ആയവൻ. അവനാണ് അല്ലാഹു. അവനല്ലാതെ ദൈവ മില്ല. രാജാധിരാജൻ, മഹാ പരിശുദ്ധൻ, സമാധാനം നൽകുന്നവൻ, അഭയം തരുന്നവൻ, മേൽനോട്ടം വഹിക്കുന്നവൻ, അജയ്യൻ, സർവാധിപൻ, മഹ ത്വമാർന്നവൻ... അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ! അവനാണ് അല്ലാഹു. സ്രഷ്ടാവ്, പടച്ചവൻ, രൂപം നൽകു ന്നവൻ......ഉത്കൃഷ്ടനാമങ്ങൾ അവന്റേതാണ്. ആകാശങ്ങളിലും ഭൂമിയി ലുമുള്ളതെല്ലാം അവനെ പ്രകീർത്തിക്കുകയാണ്. പ്രതാപവാനും യുക്തി മാനുമാണല്ലോ അവൻ" (59:21-24).

ദൈവത്തെപ്പറ്റി മറ്റൊരു ഭാഗത്ത് ഇങ്ങനെ പറയുന്നു:

“അവൻ, അല്ലാഹു ഏകൻ. അല്ലാഹു ആരുടേയും ആശ്രയം വേണ്ടാത്തവൻ. അവൻ പിതാവല്ല. പുത്രനുമല്ല. അവനു തുല്യനായി ആരുമില്ല” (112: 1-4).

യേശു സൂചിപ്പിച്ച ലക്ഷണവുമായി തികച്ചും യോജിക്കുന്നതാണ് മുഹമ്മദ്നബിയെയും അദ്ദേഹം വഴി ലഭിച്ച ഗ്രന്ഥത്തെയും പറ്റിയുള്ള ഈ ഖുർആൻ വചനങ്ങൾ.

4. “ദൈവം അയക്കുന്ന ആ സത്യാത്മാവ് പാപത്തെയും നീതിയെയും ദൈവത്തിന്റെ ന്യായവിധിയെയും പറ്റി ലോകത്തെ പഠിപ്പിക്കും.”

ആ കാര്യങ്ങളെ സംബന്ധിച്ചും സുവ്യക്തമായ തെളിവുകൾ ഖുർആനിൽനിന്ന് ലഭിക്കുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ നീതി സ്ഥാപിക്കുന്നവരും അല്ലാഹുവിനു വേണ്ടി സാക്ഷ്യംവഹിക്കുന്നവരുമാവുക. അത് നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരാണെങ്കിൽ പോലും. ധനികനാവട്ടെ, ദരിദ്രനാവട്ടെ അവരോടൊപ്പം ഉണ്ടാകേണ്ടവൻ അല്ലാഹുവാണല്ലോ. നീതിപാലിക്കുന്നതിനു പകരം സ്വന്തം ഇച്ഛയെ പിൻപറ്റാതിരിക്കുക. നിങ്ങൾ സത്യത്തെ വളച്ചൊടിക്കുകയോ സത്യത്തിൽനിന്ന് ഒഴിഞ്ഞുമാറുകയോ ചെയ്യുകയാണെങ്കിൽ തീർച്ചയായും അതൊക്കെ കൃത്യമായും അറിയും അല്ലാഹു” (4:135).

“അന്ത്യനാളിൽ നീതിയുടെ തുലാസുകൾ നാം സ്ഥാപിക്കും. ഒരാത്മാവിനോടും അനീതിയുണ്ടാകില്ല. ഒരു കടുകുമണിത്തൂക്കം നന്മയെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതവിടെ കൊണ്ടുവരും. കണക്കുനോക്കാൻ നാംതന്നെ മതി.” (21:47).

“പ്രത്യക്ഷവും പരോക്ഷവുമായ പാപം നിങ്ങൾ വെടിയുക. തീർച്ചയായും പാപം ചെയ്യുന്നവർക്ക് അവർ ചെയ്തതിന്റെ പ്രതിഫലം ലഭിക്കാനിരിക്കുന്നു” (6:120).

5. “ലോകത്തെ മുഴുവൻ മനുഷ്യർക്കും വേണ്ടിയായിരിക്കും ആ പ്രവാചകൻ അവതരിക്കുക” എന്ന യേശുവിന്റെ പ്രവചനം മുഹമ്മദ്നബിയിൽ പൂർത്തീകരിക്കുന്നതായി തെളിയിക്കുന്ന ഖുർആൻ വാക്യം ഇങ്ങനെ:

“പ്രവാചകാ, നീ പ്രഖ്യാപിക്കുക: അല്ലയോ ജനങ്ങളേ, തീർച്ചയായും

നിങ്ങളിൽ എല്ലാവരിലേക്കുമുള്ള ദൈവദൂതനാണ് ഞാൻ. ആകാശഭൂമി കളുടെ ആധിപത്യം അവന്നാകുന്നു. അവനല്ലാതെ ദൈവമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാ ഹുവിൽ വിശ്വസിക്കുക. അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വ സിക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും വിശ്വസിക്കുക. അവനെ പിൻപറ്റുക. എങ്കിൽ നിങ്ങൾ നേർവഴി പ്രാപിച്ചേക്കാം" (7:158).

6. "വരാനുള്ള കാര്യങ്ങൾ ആ സത്യാത്മാവ് വെളിപ്പെടുത്തും" എന്ന പ്രസ്താവനയും മുഹമ്മദ്നബിയെ സംബന്ധിച്ച് യോജിക്കുന്നതാണ്:

"നിശ്ചയം, ഈ ഖുർആൻ ഏറ്റവും നേരായ വഴിയിലേക്കു നയിക്കുന്നു. സൽക്കർമങ്ങൾ ചെയ്യുന്ന സത്യവിശ്വാസികൾക്ക് മഹത്തായ പ്രതിഫല മുണ്ടെന്നു സുവിശേഷമറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വ സിക്കാത്തവർക്ക് വേദനിപ്പിക്കുന്ന ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ടെന്നും ഈ ഖുർആൻ അറിയിക്കുന്നു" (17:9 -10).

ആത്മീയ കാര്യങ്ങളിൽ മാത്രമല്ല, വിശുദ്ധ നബി പ്രവചനം നടത്തി യിരുന്നത്. ഭൗതിക രാഷ്ട്രീയ കാര്യങ്ങളിലും അതിപ്രധാനമായ പ്രവച നങ്ങൾ നടത്തുകയും അക്ഷരാർഥത്തിൽ അവ പുലരുകയും ചെയ്തിട്ടുണ്ട്. ഒരു ഉദാഹരണം:

പ്രവാചകന്റെ കാലഘട്ടത്തിലെ രണ്ടു വൻശക്തികളായിരുന്ന റോമാ സാമ്രാജ്യവും പേർഷ്യൻ സാമ്രാജ്യവും തമ്മിൽ മധ്യപൗരസ്ത്യദേശത്ത് ഏറ്റുമുട്ടി. ക്രൈസ്തവനായ റോമാചക്രവർത്തി ഹെറാക്ലിയസിന്റെ സൈന്യവും അന്യജാതിക്കാരനായ പേർഷ്യൻ രാജാവ് ഖുസ്റോ പർവീ സിന്റെ സൈന്യവും തമ്മിൽ ക്രിസ്തുവർഷം 615-ൽ നടന്ന പോരാട്ടത്തിൽ റോമാസൈന്യം പരാജയപ്പെട്ടു. റോമക്കാർക്ക് അവരുടെ സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളും നഷ്ടപ്പെട്ട കൂട്ടത്തിൽ പുണ്യഭൂമിയായ ജറൂസലേമും യേശു വിനെ കുരിശിലേറ്റിയതെന്നു വിശ്വസിക്കപ്പെടുന്ന കുരിശും നഷ്ടപ്പെട്ടു. അതിശക്തമായ റോമാസാമ്രാജ്യത്തിന്റെ നട്ടെല്ലൊടിച്ച് കുരിശു കൈക്ക ലാക്കി പേർഷ്യക്കാർ വെന്നിക്കൊടി പാറിച്ചപ്പോൾ ക്രൈസ്തവർക്കും ചക്ര വർത്തിക്കും കഠിനമായ അഭിമാനക്ഷതമേറ്റു.

യേശുവിന്റെ സ്വാഭാവിക പിൻഗാമിയായ പ്രവാചകൻ എന്ന നിലയിൽ വിശുദ്ധനബിയും മുസ്ലിംകളും ക്രൈസ്തവപക്ഷത്തിന്റെ വിജയമാണ് ആഗ്രഹിച്ചിരുന്നത്. നബിയുടെ എതിരാളികളായ മക്കയിലെ അവിശ്വാസി കൾ ക്രൈസ്തവ സൈന്യത്തിന്റെ പരാജയത്തിൽ സന്തോഷിച്ച് വിജയം

കൊണ്ടാടി. ഇനിയൊരിക്കലും ക്രൈസ്തവസാമ്രാജ്യം തലനിവർത്തുകയില്ലെന്ന് അവർ വിശ്വസിച്ചു. റോമക്കാരുടെ പരാജയംപോലെത്തന്നെ പ്രവാചകന്നും മുസ്‌ലിംകൾക്കും തോൽവി സംഭവിക്കാതിരിക്കുകയില്ലെന്നും അവർ പ്രതീക്ഷിച്ചു. റോമക്കാരുടെ പ്രസിദ്ധിയും ശക്തിയും അങ്ങേയറ്റം തകർന്ന് ഇനിയെന്നെങ്കിലും അവർ ഉയർന്നുവരുമെന്ന് ആർക്കും പ്രതീക്ഷയില്ലാതിരുന്ന ഘട്ടത്തിൽ, യേശുവിന്റെ പിൻഗാമിയായ ദൈവത്തിന്റെ പ്രവാചകൻ പ്രഖ്യാപിച്ചു: "റോമക്കാർ തോറ്റു. അയൽരാജ്യത്തുവെച്ചുണ്ടായ ഈ തോൽവിക്കുശേഷം ഏതാനും വർഷങ്ങൾക്കുള്ളിൽ അവർ ജയിക്കും. അധികാരം ആദ്യാവസാനം അല്ലാഹുവിനാകുന്നു. ദൈവിക സഹായം കണ്ട് അന്ന് സത്യവിശ്വാസികൾ സന്തോഷിക്കും. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു സഹായിക്കുന്നു. അവൻ പ്രതാപവാനും കരുണാവാരിധിയുമാണല്ലോ" (ഖുർആൻ 30:1-5). വെറും എട്ടുകൊല്ലത്തിനുള്ളിൽ ആ പ്രവചനം പുലർന്നു. ക്രിസ്തുവർഷം 622-ൽ ഹെറാക്ലിയസിന്റെ സൈന്യം വീണ്ടും പേർഷ്യക്കാരോടേറ്റുമുട്ടി ജറൂസലേം തിരിച്ചുപിടിച്ചു. കുരിശു വീണ്ടെടുത്തു.

7. "നിങ്ങളെ എല്ലാ കാര്യങ്ങളും പഠിപ്പിക്കുന്ന ആ ആശ്വാസദായകൻ ഞാൻ പറഞ്ഞ കാര്യങ്ങൾ ഓർമിപ്പിക്കുകയും എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും."

യേശു പറഞ്ഞ കാര്യങ്ങൾ പരിശുദ്ധ ഖുർആനിൽകൂടി മുഹമ്മദ്നബി അംഗീകരിക്കുകയും ശരിവയ്ക്കുകയും ആവർത്തിക്കുകയും ചെയ്യുന്നുണ്ട്. അതിനെപ്പറ്റി ഖുർആൻ ഇങ്ങനെ പറയുന്നു: "നിനക്ക് നാം ഈ ഗ്രന്ഥം സത്യത്തോടെ അവതരിപ്പിച്ചുതന്നിരിക്കുന്നു. മുന്നേയുള്ള വേദഗ്രന്ഥത്തെ ശരിവയ്ക്കുന്നതും അതിനെ സംരക്ഷിക്കുന്നതുമത്രെ ഇത്. അതിനാൽ നാം അവതരിപ്പിച്ചതനുസരിച്ച് അവർക്കിടയിൽ നീ വിധികൽപിക്കുക. നിനക്കു വന്നുകിട്ടിയ സത്യത്തെ വിട്ട് അവരുടെ ഇച്ഛകളെ പിൻപറ്ററുത്" (5:48).

"ഈ ഖുർആൻ അല്ലാഹുവിനല്ലാതെ ഒരാൾക്കും സൃഷ്ടിക്കാൻ കഴിയില്ല. ഇത് മുമ്പുള്ളതിനെ ശരിവയ്ക്കുകയും ദൈവിക നിയമം വിശദീകരിക്കുകയും ചെയ്യുന്നു. ലോകരക്ഷിതാവിൽനിന്നുള്ളതാണ് ഇതെന്നതിൽ ഒരു സംശയവും വേണ്ട" (10:37).

## യേശുവിന്റെയും മർയത്തിന്റെയും പ്രാധാന്യം

യേശുവിനെയും അമ്മയെയും മഹത്വപ്പെടുത്തുന്ന അനവധി പരാമർശങ്ങൾ ഖുർആനിലുണ്ട്. ഉന്നതനായ ഒരു പ്രവാചകൻ എന്ന നില

യിൽ 25 പ്രാവശ്യത്തിൽ കുറയാതെ യേശുവിന്റെ പേര് പ്രാധാന്യത്തോടെ അതിൽ ഉപയോഗിച്ചിരുന്നു. 100 കോടിയിലധികം മുസ്ലിംകൾ ലോകത്താകമാനം അദ്ദേഹത്തിന്റെ സവിശേഷമായ ജനനത്തെയും ദൈവസഹായംകൊണ്ട് അദ്ദേഹം പ്രകടിപ്പിച്ച അത്ഭുത പ്രവർത്തനങ്ങളെയും അംഗീകരിക്കുന്നവരായുണ്ട്. അദ്ദേഹത്തിന്റെ നാമം ഉച്ചരിക്കുന്ന മാത്രയിൽ, മനുഷ്യനായ ഒരു പ്രവാചകന് അർഹമായ രീതിയിൽ ദൈവത്തിൽനിന്നുള്ള കാരുണ്യം അദ്ദേഹത്തിന് ഉണ്ടാവണേ എന്നു പ്രാർഥിക്കുന്നവരാണ് മുസ്ലിംകൾ.

അനിതരസാധാരണമായ ബഹുമതിയാണ് വിശുദ്ധ ഖുർആൻ മർയത്തിന് നൽകിയത്. മർയം എന്ന സ്ത്രീനാമമല്ലാതെ മറ്റൊരു സ്ത്രീയുടെ പേരും ഖുർആനിൽ ഇല്ലെന്നുള്ളതും മർയം എന്ന പേരിൽ ഒരു പ്രത്യേക അധ്യായം തന്നെ അതിൽ ഉണ്ടെന്നുള്ളതും ക്രിസ്ത്യാനികളുടെ കണ്ണു തുറപ്പിക്കുവാനും വസ്തുനിഷ്ഠമായി ആ മഹദ്ഗ്രന്ഥത്തെ നോക്കിക്കാണുവാനും പര്യാപ്തമാവേണ്ടതാണ്, സത്യസന്ധമായി വസ്തുതകൾ വിലയിരുത്തുവാനുള്ള സന്നദ്ധതയും സന്മനസ്സും ഉണ്ടെങ്കിൽ. മർയത്തിൽ ചാരിത്ര്യദോഷം ആരോപിച്ച യഹൂദർക്കുള്ള ചുട്ട മറുപടി, ദൈവത്തിന്റെ അത്ഭുതശക്തി വഴി, തൊട്ടിലിൽ കിടക്കുന്ന ഉണ്ണിയേശു കൊടുത്തത് ബൈബിൾ രേഖപ്പെടുത്താതിരുന്നിട്ടും പരിശുദ്ധ ഖുർആൻ രേഖപ്പെടുത്തുമ്പോൾ യേശുവിന്റെയും മർയത്തിന്റെയും മഹത്വം വർധിക്കുകയാണെന്നുള്ളതിൽ സംശയമില്ല.

വിശുദ്ധ ഖുർആനും മുസ്ലിംകളും ഇങ്ങനെ യേശുവിനും മർയത്തിനും തികഞ്ഞ യാഥാർഥ്യബോധത്തോടെ അർഹമായ പരിഗണന നൽകുമ്പോൾ ക്രിസ്ത്യാനികൾ അവരോടു കാണിക്കുന്ന സ്നേഹപ്രകടനങ്ങൾ അയഥാർഥവും യുക്തിക്ക് നിരക്കാത്തവിധം അതിരുകടന്നതും ആണെന്നുവേണം പറയാൻ. മനുഷ്യനായ ഒരു പ്രവാചകൻ എന്ന ബഹുമതി യേശുവിന്റെ മഹത്വത്തിന് പോരാത്തതാണെന്ന അബദ്ധധാരണയിൽ അദ്ദേഹത്തെ ദൈവവും ദൈവപുത്രനുമായി വാഴ്ത്തുമ്പോൾ ക്രൈസ്തവർ മറക്കുകയോ മറയ്ക്കുകയോ ചെയ്യുന്ന കാര്യങ്ങൾ അനവധി. മർയം എന്ന സ്ത്രീയുടെ മകനായി ജനിച്ചതും പട്ടണത്തിലെ തെരുവുകളിൽകൂടി നടന്നതും വിശപ്പും ദാഹവും തീർക്കാൻ ഭക്ഷണം കഴിച്ചതും അതികഠിനമായ ജീവിതപ്രയാസങ്ങൾ നേരിട്ടപ്പോൾ “എന്റെ ദൈവമേ.... എന്റെ ദൈവമേ....” എന്നു വിളിച്ചുപ്രാർഥിച്ചതും... അങ്ങനെ അദ്ദേഹത്തിന്റെ മനുഷ്യസ്വഭാവം തികച്ചും വെളിപ്പെടുത്തുന്ന എത്രയോ സംഗതികളുണ്ട് എടുത്തുപറയാൻ. മുൻ പ്രവാചകന്മാരുടെയോ ദൈവിക ഗ്രന്ഥങ്ങളുടെയോ

യാതൊരുവിധ അംഗീകാരമോ പിൻബലമോ ഇല്ലാതെയാണ് ക്രൈസ്തവർ അദ്ദേഹത്തെ ദൈവമാക്കുന്നത്. അതും അദ്ദേഹത്തിന്റെ തന്നെ നിഷേധത്തെ അവഗണിച്ചുകൊണ്ട്.

## യേശുവിനെ മഹത്വപ്പെടുത്തിയതാര്?

യേശുവിനെ വധിക്കാൻ ഉപയോഗിച്ചതെന്നു പറയുന്ന കുരിശിനെ ആരാധിക്കുന്നതും ഏറ്റവും ഉന്നതസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതും അദ്ദേഹത്തോടുള്ള സ്നേഹപ്രകടനമായാണ് ക്രൈസ്തവർ കണക്കാക്കുന്നത്. എന്നാൽ അതൊരു ശത്രുതാനടപടിയായേ മറ്റുള്ളവർക്ക് കാണാൻ കഴിയൂ. അതും പോരാഞ്ഞ് ദിവ്യബലി എന്ന ഓമനപ്പേരിൽ യേശുവിനെ ബലിയർപ്പിച്ച് അദ്ദേഹത്തിന്റെ മാംസവും രക്തവും അനുയായികൾ ഭക്ഷിക്കുന്ന ഇന്നത്തെ രീതി അദ്ദേഹത്തെ മഹത്വപ്പെടുത്തലാണെന്ന് മനസ്സിലാക്കാൻ പ്രയാസം. ജീവിച്ചിരുന്ന യേശുവിന് നിഷിദ്ധമായിരുന്ന പന്നിമാംസം ക്രൈസ്തവരുടെ തീൻമേശയിൽ ഇഷ്ടഭോജ്യം. യേശുവിന് ശൈശവത്തിൽ നടത്തിയിട്ടുള്ള പരിഛേദനകർമം (ചേലാകർമം) അദ്ദേഹത്തിന്റെ അനുവാദമില്ലാതെ ക്രൈസ്തവർ ഉപേക്ഷിക്കുകയും ആക്ഷേപാർഹമായി മാറ്റുകയും ചെയ്തപ്പോൾ മുസ്‌ലിംകൾ ഇന്നും അത് തുടരുന്നു.

യേശു പഠിപ്പിച്ചപോലെ ഏകദൈവത്തെ ആരാധിക്കാൻ മുഹമ്മദ് നബിയും പഠിപ്പിച്ചതുകൊണ്ട് മുസ്‌ലിംകൾ ഏകദൈവത്തിൽ വിശ്വസിക്കുമ്പോൾ ക്രിസ്ത്യാനികൾ ത്രിത്വൈക ദൈവത്തിൽ വിശ്വസിക്കുന്നത് ഒരു വിധത്തിലും യേശുവിനെ മഹത്വപ്പെടുത്തലല്ല. ഇങ്ങനെ പല വസ്തുതകളും പരിശോധിക്കുമ്പോൾ ക്രൈസ്തവരേക്കാൾ യേശുവിനെ ശരിയായ വിധത്തിൽ മഹത്വപ്പെടുത്തുന്നവരും അനുസരിക്കുന്നവരും മുസ്‌ലിംകളാണെന്നു കാണാം.

യേശുവിന്റെ പ്രവചനം മുഹമ്മദ്നബിയിലും പരിശുദ്ധ ഖുർആനിലും ഇത്ര കൃത്യമായി ഒത്തിണങ്ങുന്നുണ്ടെങ്കിലും നിർഭാഗ്യമെന്നു പറയട്ടെ, ക്രൈസ്തവ സഭകൾ ആ സത്യം അംഗീകരിക്കുന്നതിനോ അക്കാര്യത്തിലുള്ള യാഥാർഥ്യം അന്വേഷിക്കുന്നതിനോ അശേഷം തൽപരരല്ല. പകരം ആ പ്രവചനവുമായി അൽപംപോലും ബന്ധമില്ലാത്ത മറ്റൊരു സംഭവം എടുത്തുകാട്ടി പ്രവചനം പൂർത്തീകരിക്കപ്പെട്ടതായി ക്രിസ്ത്യാനികളെ വിശ്വസിപ്പിക്കുകയാണ് ചെയ്യുന്നത്. ക്രൈസ്തവ സഭകൾ ചൂണ്ടിക്കാട്ടുന്ന ആ പ്രത്യേക സംഭവം ബൈബിളിലെ 'അപ്പോസ്തല പ്രവൃത്തികൾ' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത് ഇങ്ങനെ സംഗ്രഹിക്കാം:

യേശു അവസാനമായി ആചരിച്ച പെസഹാ തിരുനാളിന്റെ അമ്പതു ദിവസത്തിനുശേഷം യഹൂദന്മാരുടെ ഒരാഘോഷമായ പെന്തക്കോസ്ത ദിനത്തിൽ വിശ്വാസികൾ ഒരു വീട്ടിൽ സമ്മേളിച്ചിരിക്കുകയായിരുന്നു. പെട്ടെന്ന് കൊടുങ്കാറ്റടിക്കുന്നതുപോലെയുള്ള ഒരു മുഴക്കം ആകാശത്തുനിന്നുണ്ടായി. വീട് മുഴുവൻ ആ മുഴക്കം നിറഞ്ഞു. തീനാളങ്ങൾ പോലുള്ള നാവുകൾ അവിടെ പ്രത്യക്ഷപ്പെട്ടു. അവ ഓരോരുത്തരെയും സ്പർശിച്ചു. പരിശുദ്ധാത്മാവിനാൽ പൂരിതരായി എല്ലാവരും അന്യഭാഷകൾ സംസാരിക്കാൻ തുടങ്ങി. പതിവനുസരിച്ച് ആഘോഷത്തിൽ പങ്കെടുക്കാൻ ലോകത്തിന്റെ പല ഭാഗത്തുനിന്നും ഭക്തരായ യഹൂദർ ജറൂസലേമിൽ എത്തിയിരുന്നു. ശബ്ദകോലാഹലം കേട്ട് ജനം ഓടിക്കൂടി. പല നാട്ടുകാരായ അവർ അപ്പോസ്തലന്മാർ താന്താങ്ങളുടെ ഭാഷകളിൽ സംസാരിക്കുന്നതുകേട്ട് ആശ്ചര്യത്തോടും പരിഭ്രമത്തോടുംകൂടി ചോദിച്ചു: ഈ സംസാരിക്കുന്നവരെല്ലാം ഗലീലക്കാരല്ലേ? എന്നിട്ടും വ്യത്യസ്ത നാട്ടുകാരായ നാം ഓരോരുത്തരും അവരവരുടെ മാതൃഭാഷകളിൽ അത് കേൾക്കുന്നതെങ്ങനെ? എന്താണിതിന്റെ അർഥം?

വിശേഷ ദിവസമായതുകൊണ്ട് പുതുവീഞ്ഞ് കുടിച്ച് ലഹരി പിടിച്ചതാണെന്നായിരുന്നു വേറെ ചിലരുടെ പരിഹാസം. സമയം രാവിലെ ഒമ്പതു മണിയായതുകൊണ്ട് മദ്യലഹരിയാണെന്ന ആക്ഷേപം ആദ്യമേ നിഷേധിച്ചുകൊണ്ട് ക്രിസ്തുശിഷ്യനായ ശീമോൻ പത്രോസ് ദീർഘമായി പ്രസംഗിച്ചു. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെയും യേശുവിനെയും പറ്റി പത്രോസ് നൽകിയ വിശദീകരണത്തിൽ ജനം ആകൃഷ്ടരായി. ആ ഒരൊറ്റ ദിവസം തന്നെ മുവ്വായിരത്തോളം പേർ അവരോടുകൂടെ ചേർന്നു (അപ്പോസ്തല പ്രവൃത്തികൾ 2:1-41).

ജനങ്ങളെ പല കാര്യങ്ങളും പഠിപ്പിക്കാനായി അവതരിക്കുമെന്ന് യേശു അറിയിച്ച സത്യാത്മാവിന്റെ രംഗപ്രവേശമായി ക്രൈസ്തവ സഭകൾ ഉയർത്തിക്കാണിക്കുന്നതാണ് തീനാക്കുകൾ പ്രത്യക്ഷപ്പെട്ട ഈ അത്ഭുത പ്രതിഭാസം.

സംഭവം നടന്ന ഉടനെ ശീമോൻ പത്രോസ് നടത്തിയ ദീർഘമായ പ്രഭാഷണത്തിൽ ഒരിടത്തും ആ സംഭവത്തെ യേശുവിന്റെ പ്രവചനവുമായി ബന്ധപ്പെടുത്തിയില്ല. എന്നുതന്നെയല്ല, അദ്ദേഹം ആ പ്രവചനത്തെ പരാമർശിച്ചുപോലുമില്ല, ഒരിക്കലെങ്കിലും. കാരണം അത്ര പെട്ടെന്ന് പൂർത്തീകരിക്കപ്പെടാനുള്ളതല്ല ആ പ്രവചനമെന്ന കാര്യത്തിൽ തികച്ചും ബോധവാനായിരുന്നു ആ ക്രിസ്തുശിഷ്യൻ. നിങ്ങളെ ഇനിയും പല കാര്യ

ങ്ങൾ പഠിപ്പിക്കുവാനുണ്ട്. എങ്കിലും ഇപ്പോൾ അത് ഉൾക്കൊള്ളാനുള്ള ബുദ്ധിവികാസം നിങ്ങൾക്കില്ലെന്ന് വെറും അമ്പതു ദിവസം മുമ്പ് യേശു പറഞ്ഞത് പത്രോസും കേട്ടതാണല്ലോ. മാത്രമല്ല, പത്രോസ് ഉൾപ്പെടെയുള്ള ശിഷ്യൻമാരുടെ ബുദ്ധിക്കുറവിനെപ്പറ്റി അവരുടെ മുഖത്തു നോക്കിത്തന്നെ യേശു പല പ്രാവശ്യം ആക്ഷേപിച്ചു പറഞ്ഞത് മറക്കാനിടയില്ലാത്ത ആ ശിഷ്യന് തനിക്കും ആ കാലഘട്ടത്തിലെ ജനതക്കും കേവലം അമ്പതു ദിവസംകൊണ്ട് ബുദ്ധിപരമായി കാര്യമായ യാതൊരു മാറ്റവും വന്നിട്ടില്ലെന്നും വരാൻ സാധ്യതയില്ലെന്നും നല്ല ബോധ്യമായിരുന്നു. അതുകൊണ്ടാണ് തൽക്കാലം പ്രസക്തമല്ലാത്ത ആ പ്രധാന വിഷയം സ്പർശിക്കാതെ അദ്ദേഹം മറ്റു കാര്യങ്ങളിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിച്ചത്.

എന്നാൽ, യേശുവിന് പൂർത്തിയാക്കാൻ കഴിയാതെ അപൂർണമായി വിട്ടുപോകേണ്ടിവന്ന അതിപ്രധാനവും ഭാരിച്ചതുമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി ദൈവം അയക്കുമെന്ന് യേശു വെളിപ്പെടുത്തിയ പ്രഗൽഭനും ഊർജസ്വലനുമായ ഒരു ദൈവദൂതനെ ക്രൈസ്തവസഭകൾ തികഞ്ഞ അവഗണനാ മനോഭാവത്തോടെ നിർജീവമായ ഒരു തീനാളസങ്കൽപമായി തരംതാഴ്ത്തുകയാണ് ചെയ്തത്. പക്ഷേ, ആ ഒരു നിലപാടുമൂലം ആക്ഷേപിക്കപ്പെട്ടതും പിന്തള്ളപ്പെട്ടതും യേശുതന്നെയായിരുന്നു എന്ന സത്യം അവരെ സംബന്ധിച്ച് ഒരു പ്രശ്നമായില്ലെന്നുള്ളതാണ് ഏറെ ഖേദകരം.

വരാനുള്ള പ്രവാചകൻ വരുമ്പോൾ അവൻ പല കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുമെന്നും നിങ്ങൾക്കറിയാത്ത പല സത്യങ്ങളും വെളിപ്പെടുത്തുമെന്നും വിവിധ വിഷയങ്ങളെപ്പറ്റി നിങ്ങളോട് സംസാരിക്കുമെന്നുമുള്ള സദ്വാർത്ത അറിയിച്ചുകൊണ്ട് യേശു ഉപയോഗിച്ച പദപ്രയോഗങ്ങൾ ശരിക്കും ഒരു മനുഷ്യനെ ഉദ്ദേശിച്ചായിരുന്നു എന്നു വ്യക്തം. അവൻ നിങ്ങളെ പഠിപ്പിക്കുമെന്നും അവൻ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരുമെന്നും പ്രസ്താവിക്കുമ്പോൾ അതൊരു പുരുഷനായിരിക്കണമെന്നും ആ പുരുഷൻ ഏതെങ്കിലും ഭാഷയിൽ സംസാരിക്കണമെന്നും മനസ്സിലാക്കാൻ പ്രയാസമില്ല. തർക്കവിഷയമായി ക്രൈസ്തവസഭകൾ എടുത്തുകാണിക്കുന്ന തീനാളമാവട്ടെ, യാതൊരു ഭാഷയിൽ കൂടിയും യാതൊരു കാര്യവും ആരെയും പഠിപ്പിക്കുകയുണ്ടായില്ല. മദ്യലഹരി ബാധിച്ചവരെപ്പോലെ ആരെങ്കിലും ആർക്കും മനസ്സിലാവാത്ത വിധത്തിൽ അർഥശൂന്യമായി എന്തെങ്കിലും വിളിച്ചുകൂവിയാൽ അത് യേശുവിനെപ്പോലെ ഉന്നതനായ ഒരു പ്രവാചകൻ നടത്തിയ അതിപ്രധാനമായ ഒരു പ്രവചനത്തിന്റെ പൂർത്തീകരണ

മാണെന്ന് വിശ്വസിക്കുന്നവർക്ക് യേശുവിനെപ്പറ്റി അത്ര വലിയ മതിപ്പൊന്നും ഇല്ലെന്നേ കരുതാനാവൂ.

## മൂസാനബിയുടെ പ്രവചനം

തനിക്കുശേഷം വരാനുള്ള ഒരു പ്രവാചകനെ പറ്റി അതായത് തന്റെ പിൻഗാമിയായ പ്രവാചകനെപ്പറ്റി യേശു വിവരിച്ചപോലെ മൂസാ പ്രവാചകനും (മോസസ്) ലക്ഷണങ്ങൾ വിശദീകരിച്ച് സൂചന നൽകിയിരുന്നു.

"അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്ന് നിന്നെപ്പോലുള്ള ഒരു പ്രവാചകനെ ഞാൻ അവർക്കുവേണ്ടി അയക്കും. എന്റെ വാക്കുകൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. ഞാൻ കൽപിക്കുന്നതെല്ലാം അവൻ അവരോട് പറയും. എന്റെ നാമത്തിൽ അവൻ പറയുന്ന എന്റെ വാക്കുകൾ ശ്രവിക്കാത്തവരോട് ഞാൻതന്നെ പ്രതികാരം ചെയ്യും" (നിയമാവർത്തനം 18:18-19).

ഇസ്രായേൽക്കാരുടെ സഹോദരന്മാരുടെ ഇടയിൽനിന്ന് മൂസാനബിയെപ്പോലുള്ള ഒരു പ്രവാചകനെ അയക്കുമെന്നാണ് ദൈവം പറഞ്ഞത്. ഇസ്രായേൽക്കാരിൽനിന്ന് പലപ്പോഴായി പല പ്രവാചകൻമാരെയും ദൈവം അയച്ചിരുന്നു. എന്നാൽ, പ്രവാചകൻമാരെ വേണ്ടവിധത്തിൽ അനുസരിക്കുകയോ ബഹുമാനിക്കുകയോ ചെയ്യാതെ അവരെ ആക്ഷേപിക്കുകയും പീഡിപ്പിക്കുകയും വധിക്കുകയും ചെയ്യുക പതിവാക്കിയ ഇസ്രായേൽക്കാരിൽനിന്ന് ഇനിയും ദൈവദൂതന്മാരെ ഉയർത്തേണ്ടതില്ലെന്ന് തോന്നിയതുകൊണ്ടാവാം ഇത്തവണ ഇസ്രായേൽക്കാരിൽനിന്നല്ലാതെ അവരുടെ സഹോദരന്മാരിൽ നിന്ന് ഒരു പ്രവാചകനെ അവതരിപ്പിക്കാം എന്ന് ദൈവം നിശ്ചയിച്ചത്. സകരിയ്യാ, യഹ്‌യാ (സ്നാപക യോഹന്നാൻ), യേശു തുടങ്ങി ഇസ്രായേൽക്കാർ തിരസ്കരിച്ച പ്രവാചകൻമാർ അനവധി.

അറബി-ഇസ്രായേൽ സാഹോദര്യം വ്യക്തമാക്കുന്ന അൽപം ചരിത്രം: ഇസ്രായേൽക്കാരുടെയും അറബികളുടെയും പൂർവ പിതാവായ അബ്രഹാം എന്ന ഇബ്റാഹീം നബിയുടെ രണ്ട് പുത്രന്മാരാണ് ഇസ്മായേലും സഹോദരൻ ഇസഹാക്കും. ഇസ്മായേലിന്റെ പന്ത്രണ്ടു മക്കളുടെ പരമ്പരയിൽനിന്ന് അറബികളും ഇസഹാക്കിന്റെ പുത്രനായ യാക്കോബ് എന്ന യഅ്ഖൂബിന്റെ പന്ത്രണ്ടു മക്കളിൽനിന്ന് ഇസ്രായേൽ ഗോത്രങ്ങളും ഉണ്ടായതായി ബൈബിൾ പറയുന്നു. ഒരേ പൂർവ പിതാവിന്റെ മക്കളിൽനിന്നുണ്ടായ അറബ് - ഇസ്രായേൽ സന്തതികൾ സഹോദരസമുദായങ്ങൾ ആണെന്ന കാര്യത്തിൽ സംശയമില്ല. മൂസാനബിയുടെ പ്രവചനത്തിന്റെ ആദ്യഭാഗം

ഇവിടെ തുടങ്ങുന്നു. അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്ന്-ഇസ്രയേൽക്കാരുടെ സഹോദരന്മാരായ അറബികളുടെ ഇടയിൽ നിന്ന്- നിന്നെപ്പോലുള്ള അതായത് മൂസാനബിയെപ്പോലുള്ള ഒരു പ്രവാചകനെ ദൈവം അയക്കുമെന്നാണ് തുടർന്നുള്ള ഭാഗം. മൂസാനബിയെപ്പോലുള്ള പ്രവാചകൻ എന്നതുകൊണ്ട് ആരെയാണ് ഉദ്ദേശിക്കുന്നതെന്ന് നിശ്ചയിക്കുന്നതിന് അദ്ദേഹത്തിനു ശേഷമുള്ള എല്ലാ പ്രവാചകന്മാരുടെയും പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തേണ്ടിയിരിക്കുന്നു. യേശുവിന്റെ കാലം വരെയുള്ള പ്രവാചകന്മാരെ വിലയിരുത്തിക്കൊണ്ട് ക്രിസ്തുസഭ അഭിപ്രായപ്പെട്ടു: അത് യേശു തന്നെ. എന്നാൽ മൂസാനബിയെയും ഈസാനബിയെയും വേണ്ടവിധത്തിൽ താരതമ്യപ്പെടുത്തി മൂസാനബിയെപ്പോലെത്തന്നെയുള്ള പ്രവാചകനാണ് ഈസാനബി എന്ന് പൂർണമായി ഉറപ്പുവരുത്താതെ ക്രൈസ്തവർ തിരക്കുപിടിച്ച് നടത്തിയതായിപ്പോയി ആ പ്രഖ്യാപനം എന്നുവേണം വിചാരിക്കാൻ. എന്നു തന്നെയല്ല, ക്രൈസ്തവർ അങ്ങനെ വിലയിരുത്തിയ കാലത്താവട്ടെ മുഹമ്മദ്നബി ജനിച്ചിരുന്നുമില്ല.

ഒരു പ്രവാചകനെ മൂസാനബിയെപ്പോലുള്ള പ്രവാചകൻ എന്നു പറയണമെങ്കിൽ അവർ തമ്മിൽ ജീവിതത്തിലും പ്രവർത്തനത്തിലും അത്രയധികം സാമ്യമുണ്ടായിരിക്കണം. മൂസാനബിയുടേതുപോലുള്ള പ്രവർത്തനങ്ങളും അദ്ദേഹം വിവരിച്ച ലക്ഷണങ്ങളും മുഹമ്മദ്നബിയിൽ ഒത്തിണങ്ങുന്നത് ചൂണ്ടിക്കാട്ടിയും ഖുർആൻവചനങ്ങൾ ഉദ്ധരിച്ചും യാതൊരു സംശയവും കൂടാതെ മുസ്‌ലിംകൾ പ്രഖ്യാപിക്കുന്നു: ആ പ്രവാചകൻ മുഹമ്മദ്നബി തന്നെ.

## ഈസാനബിയും മുഹമ്മദ്നബിയും: ഒരു താരതമ്യം

യേശു എന്ന ഈസാനബിക്കാണോ മുഹമ്മദ്നബിക്കാണോ മൂസാനബിയുമായി കൂടുതൽ സാദൃശ്യമുള്ളതെന്ന് പരിശോധിച്ചുനോക്കാം:

1. യേശുവിന്റെ ജനനം അസാധാരണമായ രീതിയിൽ ആയിരുന്നെന്ന് ക്രിസ്ത്യാനികളും മുസ്‌ലിംകളും വിശ്വസിക്കുന്നു. ദൈവത്തിന്റെ അത്ഭുതശക്തിയാൽ പിതാവില്ലാതെ മാതാവിൽനിന്നു മാത്രമായി ജനിച്ചതാണ് യേശു എന്ന കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരാണ്. ‘ഉണ്ടാവട്ടെ’ എന്ന ദൈവത്തിൽനിന്നുള്ള ഒരു വാക്ക് മാത്രമേ വേണ്ടിവന്നുള്ളൂ മർയമിന്റെ ഉദരത്തിൽ യേശു എന്ന മനുഷ്യശിശു രൂപംകൊള്ളാൻ. ‘ഉണ്ടാവട്ടെ’ എന്ന തിരുവചനത്തിന്റെ ഫലമായിരുന്നു യേശു.

ഇതിൽനിന്നു വ്യത്യസ്തമായി സാധാരണ മാതാപിതാക്കളിൽനിന്ന് സ്വാഭാവിക രീതിയിലായിരുന്നു മൂസാനബിയുടെയും മുഹമ്മദ്നബിയുടെയും ജനനം. അങ്ങനെ ജനനത്തിന്റെ കാര്യത്തിൽ മൂസാനബിക്ക് മുഹമ്മദ്നബിയോടാണ് സാദൃശ്യം, യേശുവിനോടല്ല.

2. വിവാഹിതരായിരുന്നു മൂസാനബിയും മുഹമ്മദ്നബിയും. സന്താനങ്ങളുമുണ്ടായി രണ്ടുപേർക്കും. കുടുംബജീവിതം നയിച്ചവരായിരുന്നു ഇരുവരും. ഈസാനബിയാവട്ടെ, വിവാഹിതനായിരുന്നില്ല.

3. ജീവിതലക്ഷ്യം നിറവേറ്റി വാർധക്യത്തിലായിരുന്നു മൂസാനബിയുടെയും മുഹമ്മദ്നബിയുടെയും അന്ത്യം. എന്നാൽ വളരെ കുറഞ്ഞ കാലമേ ഈസാനബി തന്റെ ജനതയോടൊപ്പം ഉണ്ടായിരുന്നുള്ളൂ.

4. സ്വന്തം ജനതയാലും സ്വന്തക്കാരാലും തിരസ്കരിക്കപ്പെട്ട പ്രവാചകനായിരുന്നു ഈസാനബി. അദ്ദേഹം പറഞ്ഞു: "ഒരു പ്രവാചകൻ ബഹുമാനിക്കപ്പെടാത്തത് സ്വദേശത്തും സ്വഗൃഹത്തിലുമാണ്" (മത്തായി 13:57). യേശുവിന്റെ സ്വന്തം ജനതയെന്നു പറയാവുന്ന ഇസ്രായേൽക്കാരിലെ യഹൂദർ ഇന്നും യേശുവിനെ അംഗീകരിക്കുന്നില്ല. ഇഷ്ടജനങ്ങളെന്ന് അവകാശപ്പെടുന്ന ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും ഇസ്രായേൽക്കാരല്ലാത്ത അന്യജാതികളിൽനിന്ന് തലമുറകളായി പരിവർത്തനംചെയ്യപ്പെട്ടവരിൽനിന്ന് ഉണ്ടായവരാണ്.

ബൈബിൾപ്രകാരം, യേശുവിനെ പൂർണമായി വിശ്വസിച്ചവരോ യേശുവിന് തികച്ചും വിശ്വാസയോഗ്യരോ ആയ ശിഷ്യൻമാർ ഉണ്ടായിരുന്നതായി കരുതാൻ വയ്യ. മുപ്പതു വെള്ളിക്കാശിന് ഗുരുവിനെ ചുംബനംകൊണ്ട് അടയാളം കാണിച്ച് ഒറ്റിക്കൊടുത്തവനും യേശുവിന്റെ പണം മോഷ്ടിക്കുന്നവനുമായിരുന്നു യൂദാസ് (മത്തായി 26:15, യോഹ 12:6). ശത്രുക്കൾ അറസ്റ്റ്ചെയ്ത് പിടിച്ചുകൊണ്ടുപോയ ഏറ്റവും ആപദ്ഘട്ടത്തിൽ സകല ശിഷ്യരും അദ്ദേഹത്തെ ഉപേക്ഷിച്ച് ഓടിപ്പോയി (മാർക്കോസ് 14:50). അഴിഞ്ഞുവീണ ഉടുതുണി എടുത്തുടുക്കാതെയായിരുന്നു ഒരാളുടെ ഓട്ടം (മാർക്കോസ് 14:51, 52). എതിരാളികൾ കസ്റ്റഡിയിലെടുത്ത് വിചാരണനടത്തുന്ന സമയത്ത് പ്രമുഖ ശിഷ്യനായ ശീമോൻ പത്രോസ് യേശുവിനെ അറിയുകയില്ലെന്ന് മൂന്നു പ്രാവശ്യം ദൈവനാമത്തിൽ കള്ളസത്യംചെയ്തു പറഞ്ഞു (മത്തായി 26:69–74).

വിശ്വസ്തരായ അനുയായികളുടെ അഭാവംകൊണ്ട് ഈസാനബിക്കുണ്ടായത്ര ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നിട്ടില്ല മൂസാനബിക്കും

മുഹമ്മദ്നബിക്കും. ആത്മാർഥതയും കൂറും സംശയാതീതമായി തെളിയി ക്കപ്പെട്ട കുറച്ചെങ്കിലും അനുചരന്മാർ ഉള്ളവരായിരുന്നു അവർ ഇരുവരും.

5. ഇസ്രായേൽക്കാരുടെ വിശ്വാസക്കുറവും കടുംപിടുത്തവും മൂസാ നബിക്കുണ്ടാക്കിയിരുന്ന പ്രയാസങ്ങൾ ചെറുതായിരുന്നില്ലെങ്കിലും പ്രവാ ചകനും നേതാവുമായി അംഗീകരിച്ച അദ്ദേഹത്തിന്റെ പിന്നിൽ അവസാ നംവരെ അണിനിരന്നവരായിരുന്നു അവരിൽ അധികപേരും. മുഹമ്മദ്നബി യുടെ കാര്യവും ഏറക്കുറെ അങ്ങനെത്തന്നെ. സ്വന്തം ജനതയായിരുന്ന മക്കയിലെ അറബികളിൽനിന്നുള്ള എതിർപ്പുകൾ അങ്ങേയറ്റം ദുസ്സഹ മായ ഘട്ടത്തിൽ ജീവരക്ഷാർഥം മക്കയിൽനിന്ന് മദീനയിലേക്ക് പലാ യനംചെയ്യേണ്ടിവന്നെങ്കിലും ജീവിതാന്ത്യമായപ്പോഴേക്കും വിജിഗീഷുവായി തിരിച്ചുവരാനും ഒരു വലിയ ജനസമൂഹത്തിന്റെ പ്രവാചകനും ഭരണാധി കാരിയുമായി അംഗീകരിക്കപ്പെടാനും അവസരമുണ്ടായി. ഭരണകർത്താ ക്കളെന്ന നിലയിൽ യുദ്ധവും സമാധാനവും പ്രഖ്യാപിക്കാനും കുറ്റവാളി കളെ ശിക്ഷിക്കുന്നതിനും മാപ്പുകൊടുക്കുന്നതിനും അധികാരമുള്ളവരാ യിരുന്നു മൂസാനബിയും മുഹമ്മദ്നബിയും. യേശുവാകട്ടെ, മറ്റു ന്യായാ ധിപന്മാരുടെ മുമ്പിൽ നിസ്സഹായനായി സ്വന്തം നിരപരാധിത്വം തെളിയി ച്ചുകൊടുക്കേണ്ട ദുരവസ്ഥയെയായിരുന്നു അഭിമുഖീകരിച്ചത്.

6. മൂസാനബി കൊണ്ടുവന്ന നിയമങ്ങളും ചട്ടങ്ങളും അദ്ദേഹത്തെ അവിസ്മരണീയനാക്കുന്നു. ക്രൈസ്തവർക്കും ഇസ്രായേൽക്കാർക്കും ബാധകമാക്കപ്പെട്ട പത്തുകൽപനകൾ കൂടാതെ മറ്റനവധി പുതിയ നിയമ ങ്ങളും ചട്ടങ്ങളും അദ്ദേഹം നടപ്പാക്കുകയുണ്ടായി. പല രാജ്യങ്ങളുടെയും നിയമസംഹിതകളിൽ വലുതായ സ്വാധീനം ചെലുത്തുന്നുണ്ട് അവ ഇപ്പോഴും.

മൂസാനബിയുടെ സമശീർഷനാണ് അക്കാര്യത്തിൽ മുഹമ്മദ്നബി. മനുഷ്യജീവിതത്തിന്റെ അഖില മേഖലകളെയും പരാമർശിക്കുന്ന ബൃഹ ത്തായ ഒരു നിയമസംഹിതയുടെ ചട്ടക്കൂട് ഖുർആനിൽ കാണാം. എന്നേക്കും എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണിത്. ശരീഅത്ത് നിയ മങ്ങൾ എന്ന പേരിൽ മുസ്‌ലിംലോകമാകെ പ്രസിദ്ധമാണവ.

യേശു പുതിയ നിയമങ്ങൾ കൊണ്ടുവരികയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. മൂസാനബിയുടെയും മറ്റു പ്രവാചകന്മാരുടെയും നിയമങ്ങൾ പൂർണമാക്കുകയാണ് തന്റെ ലക്ഷ്യമെന്ന് അദ്ദേഹംതന്നെ പറയുകയു ണ്ടായി: “നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല, പൂർത്തി

യാക്കാനാണ് ഞാൻ വന്നത്" (മത്തായി 5:17).

ഇസ്രായേൽക്കാരുടെ പ്രവാചകരായിരുന്നു മൂസാനബിയും ഈസാനബിയും എന്നുള്ളതാണ് അവർ തമ്മിലുള്ള പ്രധാന സാദൃശ്യം. ദൈവസഹായം വഴി രണ്ടുപേർക്കും അത്ഭുതപ്രവർത്തനങ്ങൾ നടത്താനുള്ള കഴിവു ലഭിച്ചിരുന്നു എന്നുള്ളതും എടുത്തുപറയാം. എന്നാൽ, മറ്റു പല കാര്യങ്ങളിലും താരതമ്യം ചെയ്യാൻ പറ്റാത്തവിധം വ്യത്യസ്തരായിരുന്നു ഇരുവരും. നേരെമറിച്ച്, 'എന്നെപ്പോലെ ഒരു പ്രവാചകൻ' എന്ന മൂസാനബിയുടെ പ്രവചനം മുഹമ്മദ്നബിയെ സംബന്ധിച്ച് തികച്ചും യോജിക്കുന്നതാണെന്ന് ആ പ്രവാചകന്റെ ജീവിതവും ഖുർആൻ വചനങ്ങളും വിലയിരുത്തുന്ന നിഷ്പക്ഷമതികളായ ആർക്കും ബോധ്യമാകുന്നതാണ്.

മൂസാനബിയും ഈസാനബിയും പറഞ്ഞ പ്രവാചകൻ തന്നെയാണ് മുഹമ്മദ്നബി എന്ന് സ്ഥാപിച്ചുകൊണ്ട് ഖുർആൻ പ്രഖ്യാപിച്ചു: "തങ്ങളുടെ പക്കലുള്ള തൗറാത്തിലും[1] ഇഞ്ചീലിലും[2] രേഖപ്പെടുത്തിയതായി കണ്ട നിരക്ഷര പ്രവാചകനായ ദൈവദൂതനെ പിൻപറ്റുന്നവരാണവർ. അവൻ അവരോട് ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്കായി അനുവദിക്കുകയും ചീത്ത വസ്തുക്കൾ നിരോധിക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവർക്കുമേലുണ്ടായിരുന്ന ചങ്ങലകളും അവരിൽനിന്ന് നീക്കംചെയ്യുന്നു. അതിനാൽ അവനിൽ വിശ്വസിക്കുകയും അവനെ പിന്തുണക്കുകയും സഹായിക്കുകയും അവനോടൊപ്പം അവതരിപ്പിക്കപ്പെട്ട പ്രകാശത്തെ പിൻപറ്റുകയും ചെയ്തവർ: അവർ തന്നെയാണ് വിജയികൾ" (7:157).

വരാനുള്ള പ്രവാചകനെ സൂചിപ്പിച്ചുകൊണ്ട് യേശു പറഞ്ഞത് അവൻ സ്വന്തം അധികാരത്തിൽ സംസാരിക്കാതെ ദൈവം നിർദേശിക്കുന്നതു മാത്രമായിരിക്കും സംസാരിക്കുക എന്നായിരുന്നു. മൂസാനബി വഴിയുണ്ടായ പ്രവചനത്തിൽ അതേ കാര്യം തന്നെ സൂചിപ്പിച്ചുകൊണ്ട് ദൈവം പറഞ്ഞത് "എന്റെ വാക്കുകൾ ഞാൻ അവന്റെ വായിൽ നിക്ഷേപിക്കും. ഞാൻ കൽപിക്കുന്നതെല്ലാം അവൻ അവരോട് പറയും" എന്നായിരുന്നു. രണ്ടു പ്രവചനങ്ങളും മുഹമ്മദ്നബിയിൽ പൂർണമായും പൂർത്തീകരിക്കുന്നുണ്ടെന്ന് സംശയരഹിതമായി തെളിവുതരുന്ന മഹദ്ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ.

സർവരുടെയും സവിശേഷ ശ്രദ്ധയർഹിക്കുന്നതും സഗൗരവം പരിഗ

1. പഴയനിയമം

2. പുതിയനിയമം

ണിക്കേണ്ടതുമാണ് പ്രപഞ്ചനാഥൻ മൂസാനബിയിൽക്കൂടി അറിയിച്ച പ്രവചനത്തിന്റെ അവസാനഭാഗം. അതിങ്ങനെ: "എന്റെ നാമത്തിൽ അവൻ പറയുന്ന വാക്കുകൾ ശ്രവിക്കാത്തവരോട് ഞാൻതന്നെ പ്രതികാരം ചെയ്യും."

മൂസാനബിയും ഈസാനബിയും മുൻകൂട്ടിപ്പറഞ്ഞ പ്രവാചകൻ ആരെന്നു മനസ്സിലാക്കേണ്ടതും ആളെ തിരിച്ചറിയാൻ കഴിഞ്ഞാൽ അദ്ദേഹത്തെ അംഗീകരിക്കേണ്ടതും ഒരു ബാധ്യതയായി ദൈവം ഏവരേയും അറിയിക്കുന്നതാണ് പ്രസ്തുത വാക്യം. ബധിരകർണങ്ങളിൽ പതിക്കാതെ, അർഹിക്കുന്ന ഗൗരവത്തിൽ ആ മുന്നറിയിപ്പ് സ്വീകരിക്കപ്പെടണമെന്നാണ് നാഥന്റെ താക്കീത്.

## മുസ്ലിംകൾക്കുള്ള വെല്ലുവിളി

മുസ്ലിംകളെ ഒഴിവാക്കി ക്രൈസ്തവരെയോ ഇസ്രായേൽക്കാരെയോ മാത്രം ലക്ഷ്യമിടുന്നതല്ല മേലുദ്ധരിച്ച മുന്നറിയിപ്പെന്ന് അൽപം ആഴത്തിൽ ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. ഇസ്ലാമിന്റെ പേരിൽ അഭിമാനംകൊള്ളുന്നവരും മുസ്ലിംകൾ എന്ന് അവകാശപ്പെടുന്നവരുമായ മുസ്ലിം നാമധാരികൾ പലരും ഖുർആൻ വചനങ്ങൾ അനുസരിച്ച് ജീവിക്കുന്നവരോ വിശുദ്ധനബിയെ മാതൃകയാക്കുന്നവരോ ആണെന്നു കരുതാനാവില്ല. ഇസ്ലാമിന്റെ വിധിവിലക്കുകൾ പാലിച്ചു ജീവിക്കാത്ത മുസ്ലിംകൾ എവിടെയുമുണ്ട് ധാരാളം.

തങ്ങളുടെ അതിക്രമങ്ങളും ദുഷ്ചെയ്തികളുംകൊണ്ട് ഇസ്ലാമിനെ പങ്കിലമാക്കിയ അത്തരം 'മുസ്ലിം' ഭരണാധികാരികളാണ് സത്യത്തിന്റെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും മതമായ ഇസ്ലാമിന്റെ പ്രതിനിധികളായി ചരിത്രത്തിൽ സ്ഥാനംപിടിച്ചതെന്നുള്ളത് വിരോധാഭാസംതന്നെ. സംശുദ്ധമായ ഇസ്ലാമിന് കളങ്കംചാർത്താൻ മതപക്ഷപാതികളായ ചരിത്രകാരൻമാർ ബോധപൂർവം നിറംപിടിപ്പിച്ചെഴുതിയതായാലും അല്ലെങ്കിലും ചരിത്രത്താളുകളിലും അതുവഴി ജനമനസ്സുകളിലും ഇസ്ലാമിനെതിരായി കടന്നുകയറിയ അബദ്ധധാരണകൾ തെറ്റെന്ന് തെളിയിക്കുന്നതിന് ഇന്നത്തെയും വരുംതലമുറകളിലെയും മുസ്ലിംകൾ ഏറെ പാടുപെടേണ്ടിയിരിക്കുന്നു. ചരിത്രം വികൃതമാക്കിയ കറുത്തമുഖമല്ല ഇസ്ലാമിനുള്ളതെന്നും അതീവ ശോഭനമായ ഒരു സുന്ദരമുഖമാണ് ഇസ്ലാമിന്റേതെന്നും ഖുർആനിൽ അധിഷ്ഠിതമായ ഉന്നത മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഉത്തമ സമുദായമാണ് അതെന്നും നാനാവിധ സൽപ്രവർത്തനങ്ങൾ വഴി ലോകത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിലൂടെ മാത്രമേ

ഇസ്‌ലാമിന്റെ യഥാർഥ മുഖം ഉയർത്തിപ്പിടിക്കുന്നതിനും തെറ്റായ ധാരണകൾ തിരുത്തിക്കാണിക്കുന്നതിനും മുസ്‌ലിംകൾക്ക് കഴിയൂ. ആ ബാധ്യത നിറവേറ്റുന്നതിനുള്ള വെല്ലുവിളി ഏറ്റെടുക്കുന്നതിന് മുസ്‌ലിംകൾ കടപ്പെട്ടിരിക്കുന്നു, തന്നോടും സ്രഷ്ടാവായ അല്ലാഹുവിനോടും.

ഈസാനബിയുടെ പിൻഗാമിയായി സത്യദൂതൻ വിശുദ്ധ ഖുർആനിൽ കൂടി അറിയിച്ച ദൈവവചനം ഇങ്ങനെ പറയുന്നു:

“അല്ലാഹുവിലേക്ക് വിളിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും മുസ്‌ലിമാണെന്ന് സ്വയം പ്രഖ്യാപിക്കുകയും ചെയ്തവനേക്കാൾ ഉത്തമൻ വേറെയാരാണുള്ളത്? നന്മയും തിന്മയും സമമല്ല. തിന്മയെ നീ നന്മകൊണ്ട് നേരിടുക. അപ്പോൾ ശത്രു നിന്റെ ആത്മമിത്രമാകും. മഹാഭാഗ്യവാന്മാർക്കും ക്ഷമാലുക്കൾക്കുമല്ലാതെ ഈ സൗഭാഗ്യം കൈവരികയില്ല. ചെകുത്താന്റെ വല്ല ദുഷ്പ്രേരണയുമുണ്ടായാൽ അല്ലാഹുവിനോട് നീ ശരണം തേടിക്കൊൾക. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാണല്ലോ” (41:33-36).